# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3671

## (23.08.2017 ലെ മറുപടിക്ക്)

## ജി.എസ് ടി മൂലം കരാറുകാർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ നടപടി

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.മോൻസ് ജോസഫ് | ഡോ. തോമസ് ഐസക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | 1/7/2017 ന് മുൻപ് എഗ്രിമെൻറ് വച്ച പ്രവൃത്തികൾക്ക് 4% വാറ്റ് ഉണ്ടായിരുന്നത് ഇപ്പോൾ 12%മായി വർദ്ധിച്ചതുമൂലം പാർട്ട് ബില്ല് സമർപ്പിക്കുന്ന കരാറുകാർക്കുണ്ടാകുന്ന 8% തുകയുടെ നഷ്ടം പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; ഈ പ്രശ്നം പരിഹരിക്കുന്നതിന് ഇതുവരെ എന്ത് നടപടി സ്വീകരിച്ചു എന്നുകൂടി വ്യക്തമാക്കാമോ; | വാറ്റ് നിയമപ്രകാരം 4% വാറ്റുനികുതി അടച്ചിരുന്നത് ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യം ലഭ്യമാകാതെയാണ്. ജി.എസ്.ടി യിൽ അന്യസംസ്ഥാനത്തുനിന്നും വാങ്ങുന്ന സാധനങ്ങൾക്ക് ഉൾപ്പെടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകുമെന്നതിനാൽ ഈ പറയുന്ന രീതിയിലുള്ള നഷ്ടം കരാറുകാർക്ക് ഉണ്ടാവുകയില്ല. പ്രശ്നപരിഹാരത്തിനുള്ള നടപടി സർക്കാർ സ്വീകരിച്ചു വരുന്നു. |
| (ബി) | 1/7/2017 ന് മുൻപ് വാങ്ങിയിരുന്ന ശുദ്ധജല വിതരണപൈപ്പുകൾക്ക് കേന്ദ്ര എക്സൈസ് ഡ്യൂട്ടി ഒഴിവാക്കി സെൻട്രൽ സെയിൽടാക്സ് 2% മാത്രം ഈടാക്കിയിരുന്ന സാഹചര്യത്തിൽ ഇപ്പോൾ 18% ജി.എസ്.ടി ഈടാക്കുന്നതു മൂലം സംസ്ഥാനത്തെ ശുദ്ധജല വിതരണ കരാറുപണികൾ മുഴുവനും നിർത്തി വയ്ക്കേണ്ട അവസ്ഥ സംജാതമായിരിക്കുന്നത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | ജി.എസ്. ടി നിലവിൽ വന്ന പശ്ചാത്തലത്തിൽ നികുതി വ്യവസ്ഥയിൽ ഉണ്ടായ മാറ്റം കരാറുകാർക്കിടയിൽ ആശയക്കുഴപ്പം സൃഷ്ടിക്കുകയും തന്മൂലം പുതിയ കരാറുകളിൽ ഏർപ്പെടുന്നതിന് വിമുഖത കാണിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ കരാർ വിളിക്കുന്ന സമയത്ത് തന്നെ പ്രസിദ്ധീകരിക്കുന്ന NIT -യിൽ (നോട്ടീസ് ഇൻവൈറ്റിംഗ് ടെണ്ടർ) സർക്കാർ അതാത് സമയത്ത് വരുത്തുന്ന നികുതി വ്യത്യാസങ്ങൾ തട്ടികിഴിക്കുന്നതിനുള്ള വ്യവസ്ഥകൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ